# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 -2026



**സെന്റ് മേരീസ് എ. എൽ. പി. എസ്**

**പല്ലിശ്ശേരി**

Scanned with OKEN Scanner

# ആമുഖം


| | |
|---|---|
| ജില്ല | : തൃശൂർ |
| ഉപജില്ല | : ചേർപ്പ് |
| ബി. ആർ. സി | : ചേർപ്പ് |
| സി. ആർ. സി | : എ . യു . പി . എസ് . പല്ലിശ്ശേരി |
| പഞ്ചായത്ത് | : വല്ലച്ചിറ |
| സ്കൂൾ അഡ്രസ്സ് | : സെന്റ് മേരിസ് എ. എൽ. പി എസ്. പല്ലിശ്ശേരി |

കരിവന്നൂർ പുഴയുടെ കുളിർമയും വയലേലകളുടെ ഹരിത ഭംഗിയും ആമ്പൽ കുളങ്ങളും മുക്കുറ്റി പൂക്കളും നിറഞ്ഞ ഗ്രാമം. ഉത്സവങ്ങളും പെരുന്നാളുകളും ജാതിഭേദമന്യേ നെഞ്ചിലേറ്റുന്ന ഒരു കൊച്ചു നാട്ടിൻ പുറം. അതിനു മാറ്റുകൂട്ടുവാൻ ശാന്തിയും കരുണയും നിറഞ്ഞു നിൽക്കുന്ന പല്ലിശ്ശേരി കുന്ന്. അതാണ് പല്ലിശ്ശേരി എന്ന ഗ്രാമം.

ഈ ഗ്രാമത്തിൽ 1896 നു മുമ്പ് ഇപ്പോൾ പല്ലിശ്ശേരി പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഈ നാട്ടിലെ പൂർവ്വികർ ഒരു വിദ്യാലയം ആരംഭിച്ചു എന്നത് അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയാണ്. അധികമാരും പാഠശാലകളെ ആശ്രയിക്കാത്ത ഗുരുകുല വിദ്യാഭ്യാസം അനുഷ്ഠിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് പല്ലിശ്ശേരിക്കാർ ഒരു വിദ്യാലയം എന്ന ആശയം മുന്നോട്ടു വയ്ക്കുന്നത്. ഒരു പ്രദേശത്തിന്റെ സാംസ്കാരികവും കലാപരവും സാമ്പത്തികവുമായ ഉന്നമനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് അനിർവചനീയമാണ്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കാൻ ആ പ്രദേശത്തെ ഭരണസംവിധാനങ്ങൾ എപ്പോഴും ക്രമീകൃതമായിരിക്കണം. വല്ലച്ചിറ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാഹിത്യപരവും കലാപരവും വിദ്യാഭ്യാസപരവുമായ ഉന്നതികൾ കീഴടക്കിയ ഒട്ടനവധി പ്രമുഖരെ വാർത്തെടുത്ത പ്രദേശം എന്ന് അവകാശപ്പെടാവുന്ന ഒരു ചരിത്ര പശ്ചാത്തലം ഇവിടെയുണ്ട്. അതിൽ പ്രധാന പങ്കുവഹിച്ച വിദ്യാലയം മികവാറും സെന്റ് മേരിസ് എ. എൽ. പി എസ്. പല്ലിശ്ശേരി ആണ്.



Scanned with OKEN Scanner



1896 കൊച്ചി മഹാരാജാവിന്റെ കീഴിലുള്ള വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചതോടെയാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. നാനാ ജാതി മതത്തിൽപ്പെട്ട എല്ലാവർക്കും വിദ്യാഭ്യാസം ഒരുപോലെ നേടാൻ അവസരം ഇവിടെയുണ്ടായിരുന്നു. മതത്തിന്റെയോ ജാതിയുടെയോ വർഗ്ഗത്തിന്റെയോ ലിംഗത്തിന്റെയോ സമ്പത്തിന്റെയോ അതിർവരമ്പുകൾ ഇല്ലാതെ എല്ലാവർക്കുമായി വിദ്യാലയത്തിന്റെ വാതായനങ്ങൾ തുറന്നിട്ടു. ഇവിടത്തെ ജനങ്ങളുടെ ചോരയും നീരുമായിരുന്നു ഈ വിദ്യാലയം.

1899 ലാണ്പള്ളി നിൽക്കുന്ന സ്ഥലത്തുണ്ടായിരുന്ന സ്കൂൾ ഇപ്പോഴത്തെ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്. അതിനുശേഷം ഈ പ്രദേശത്തെ പുരോഗതിയിൽ ഗണ്യമായ പങ്ക് ഈ സ്കൂൾ വഹിച്ചിരിക്കുന്നു.



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

1. ജനാധിപത്യ രീതിയിൽ അയവുള്ളതും കൂടുതൽ സാമൂഹ്യ പിന്തുണ ഉറപ്പുവരുത്തുന്നതുമായ വിദ്യാലയാന്തരീക്ഷം സംജാതമാക്കുക.
2. പ്രൈമറി അപ്പർ പ്രൈമറിതലം വരെ വിദ്യാർഥികൾ നേടേണ്ട പാഠ്യ പാഠ്യേതര ശേഷികൾ ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും കൈവരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
3. വിദ്യാർത്ഥികളിൽ നിർദ്ദിഷ്ടശേഷികൾ നേടുന്നതിന് തടസ്സമായി നിൽക്കുന്ന (സാമ്പത്തികം, ഭവനാന്തരീക്ഷം, സാമൂഹ്യ ചുറ്റുപാടുകൾ) എന്നിവ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ രൂപീകരിക്കുക.
4. അടിസ്ഥാന ഗണിത ആശയങ്ങൾ, ഇംഗ്ലീഷ്, മലയാളം ആശയവിനിമയശേഷി എന്നിവയിൽ കൂടുതൽ മികവിൽ എത്തിച്ചേരുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
5. വിദ്യാർത്ഥികളിലെ നൈസർഗ്ഗികവും കലാപരവും സർഗ്ഗാത്മകവും കായികപരവുമായ കഴിവുകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
6. സമകാലീന സാമൂഹ്യമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ നേട്ടങ്ങൾ സമൂഹത്തിൽ എത്തിക്കുകയും അതുവഴി വിദ്യാലയനേട്ടങ്ങൾ നാടിന്റെ കൂടി നേട്ടങ്ങൾ ആക്കി മാറ്റുകയും ചെയ്യുക.
7. വിദ്യാലയ വികസനത്തിനായി SSG, OSA, SRG തുടങ്ങിയവരുടെ സാമ്പത്തികവും മാനസികവുമായ പിന്തുണ ഉറപ്പുവരുത്തുക.
8. പി.ടി.എ കാര്യക്ഷമമാക്കുക.
9. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
10. പ്ലാസ്റ്റിക് മുക്ത, കീടനാശിനിമുക്ത വിദ്യാലയന്തരീക്ഷം ഉറപ്പാക്കുക.
11. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരെ മുഖ്യധാരയിലെത്തിക്കുക.
12. സ്കൂൾ വായനശാല ആധുനികവൽക്കരിക്കുക.



Scanned with OKEN Scanner

# DETAILS OF TEACHERS

| No. | Name | Designation | Qualification | Class Charge |
|---|---|---|---|---|
| 1. | Deepa Joseph T | H.M. | TTC Pre-degree | IV |
| 2. | Roshitha Cleetus | LPST | TTC B.Ed | II |
| 3. | Linta Jose | LPST | TTC Degree | I |
| 4. | Jerin Thomas Chalissery | LPST | TTC Degree | III |
| 5. | Gissi M J | Pre-primary Tr | P.P.TTC | Pre-primary |
| 6. | Smija V S | Pre-primary Tr | C.TTC, P.P. TTC | Pre-primary |



Scanned with OKEN Scanner

# DETAILS OF STUDENTS 2025-26

| Class | All Communties | | | SC | | | OEC | | | OBC | | | General | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T |
| I | 10 | 10 | 20 | 1 | 4 | 5 | 1 | 0 | 1 | 5 | 2 | 7 | 3 | 4 | 7 |
| II | 19 | 10 | 29 | 3 | 5 | 8 | 1 | 0 | 1 | 10 | 3 | 13 | 5 | 2 | 7 |
| III | 13 | 20 | 33 | 3 | 4 | 7 | 0 | 1 | 1 | 5 | 9 | 14 | 5 | 6 | 11 |
| IV | 11 | 7 | 18 | 2 | 1 | 3 | 0 | 1 | 1 | 6 | 4 | 10 | 3 | 1 | 4 |
| Pre-Primary | 28 | 25 | 53 | 11 | 10 | 21 | 1 | 0 | 1 | 13 | 12 | 25 | 3 | 3 | 6 |



Scanned with OKEN Scanner

# പഠനനേട്ടങ്ങൾ

## std 1

### ഗണിതം

- വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ സ്ഥാനങ്ങൾ കണ്ടെത്തുന്നു, ( വലുത് ചെറുത് ഉയരം താഴെ ഇടത് വലത്....)
- ഒരു നിശ്ചിത സംഖ്യയെ രണ്ട് സംഖ്യകളുടെ തുകയായി വ്യത്യസ്ത രീതിയിൽ എഴുതാൻ സാധിക്കുന്നു.
- ചിഹ്നം ചേർത്ത് എഴുതിയ ഗണിത പ്രസ്താവനകളെ വാചികമായി പ്രസ്താവിക്കുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കുന്നു.
- സംഖ്യാവബോധം ഉണ്ടാകുന്നു.
- കറൻസികളെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു ഒന്നുമുതൽ 100 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും സാധിക്കുന്നു.
- വിവിധ രൂപങ്ങളെക്കുറിച്ചും ചുറ്റുപാടുമുള്ള വസ്തുക്കളെ രൂപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ചെയ്യുന്നു.
- പല വസ്തുക്കളെയും ഏകകം ഉപയോഗിച്ച് നീളം അളന്ന് എഴുതുന്നതിനെ സഹായിക്കുന്നു ദിവസങ്ങളുടെയും മാസങ്ങളുടെയും പേരുകൾ ക്രമമായി പറയുന്നതിന് സാധിക്കുന്നു .
- സമയത്തെ രാവിലെ ഉച്ചയ്ക്ക് വൈകിട്ട് രാത്രി എന്ന പദങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കുന്നു.

### മലയാളം

- സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ അക്ഷരങ്ങൾ വാക്യങ്ങൾ എന്നിവ എഴുതുന്നു.
- ചിത്രങ്ങളുടെ ആശയങ്ങൾ കണ്ടെത്തി ലഘുവാക്യത്തിൽ പറയുന്നു.
- പാട്ടുകൾ സംഘമായും അവതരിപ്പിക്കുന്ന കവിതയിലെ ആശയം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് താളത്തിൽ പാടുന്നു
- സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം അഭിനയം ചിത്രവര നിർമ്മാണം ) പ്രകടിപ്പിക്കുന്നു.
- കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ പ്രവചിച്ച് കഥ പൂർത്തിയാക്കുന്നു കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ സംഭവങ്ങൾ എന്നിവ ഭാവനാപൂർവ്വം രൂപീകരിച്ച് പറയുന്നു .
- പരിചിതമായ ആശയങ്ങൾ പാട്ട് വിവരണം സംഭാഷണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
- ആഘോഷം ഉത്സവവുമായി ബന്ധപ്പെട്ട് മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം അനുഭവങ്ങൾ പറയുകയും ചെയ്യുന്നു .ഉചിതമായ ശബ്ദ വ്യതിയാനത്തോടെയും വായിക്കുന്നു.



Scanned with OKEN Scanner

## പരിസരപഠനം

- വീടിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- വീട്ടിൽ ആവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയെന്ന് യുക്തിപൂർവ്വം പറയുന്നു.
- വിവിധ വീട്ടുപകരണങ്ങൾ ഏതൊക്കെയെന്ന തിരിച്ചറിയുന്നു വീട്ടിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ ജോലികളെകുറിച്ചും ചുമതലകളകുറിച്ചും മനസ്സിലാക്കി വിശദമാക്കുന്നു.
- മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങൾ
- ജല ജീവികൾ ഏതെല്ലാം
- ജലവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണങ്ങൾ
- ജലത്തിന്റെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
- സസ്യങ്ങൾ, പഴങ്ങൾ, പൂക്കൾ എന്നിവയുടെ പേരുകൾ തിരിച്ചറിയൽ
- സസ്യങ്ങളുടെ വിവിധഭാഗങ്ങൾ മനസ്സിലാക്കുന്നതിന്
- ആഘോഷങ്ങൾ, പ്രധാന ദേശീയദിനാഘോഷങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു.
- ഭക്ഷ്യവസ്തുക്കൾ, ആഹാരശീലങ്ങൾ, വ്യക്തിശുചിത്വം എന്നിവയെകുറിച്ചുള്ള തിരിച്ചറിവ്
- വിവിധതരം ജീവികൾ, അവയുടെ പാർപ്പിടങ്ങൾ, ആഹാരരീതികൾ, ഇരപിടിക്കുന്ന രീതി
- വിവിധതരം വിളകൾ, ആഹാരത്തിനും, വരുമാനത്തിനും വേണ്ടി കൃഷിചെയ്യുന്നു എന്ന തിരിച്ചറിവ്
- കാർഷിക ഉപകരണങ്ങൾ തിരിച്ചറിയുന്നു.
- വിവിധതരം വാഹനങ്ങളുടെ പേരുകൾ. സാമ്യവ്യത്യാസങ്ങൾ, റോഡ് നിയമങ്ങൾ
- എന്നിവ മനസ്സിലാക്കുന്നു. വിവരവിനിമയ ഉപകരണങ്ങൾ, ലഘുപരീക്ഷണങ്ങൾ.

## English

- Counts up to 5
- Describes pictures /objects orally using appropriate colour, size and shape.
- Comprehends and enjoys a simple story about friendship.
- Follow industructions and acts accordingly
- Gets familiarized with words
- Question words - what, who, when
- Counts numbers up to 10
- Identifies the context, character and their mood
- Identifies the names of different birds and their young cores
- Identifies and reads ideas/words
- Gets the concept of colours
- Describes pictures using appropriate vocabalary
- Responses meaningfully to initiations in a dialogue /conversation
- Make simple suggestions
- Develops vocabalary related to body parts of animals
- Develops understanding about the parts of vehicles like bicycle and day in a week.



Scanned with OKEN Scanner

# പഠനനേട്ടങ്ങൾ

## Std- II

**മലയാളം**

- കുട്ടിക്കവിതകൾ, ഈണം, ഭാവം , താളം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
- സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ വാക്യങ്ങൾ, ലഘുവിവരണം എന്നിവ എഴുതുന്നു.
- അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം തിരിച്ചറിഞ്ഞ് ഉറക്കെ വായിക്കുന്നു.
- പദങ്ങളും വാക്യങ്ങളും പറയാനും എഴുതാനും കഴിയുന്നു.
- ലഘു കടംകഥകൾക്ക് ഉത്തരം നൽകുകയും ലളിതമായ കടംകഥകൾ രൂപീകരിച്ച് ചോദിക്കുകയും ചെയ്യുന്നു.
- അറിയിപ്പുകൾ, ക്ഷണക്കത്ത് എന്നിവ വായിച്ച് അവയുടെ ഉള്ളടക്കം, ഘടന, ഭാഷാരീതി എന്നിവ തിരിച്ചറിയുകയും ക്ഷണക്കത്ത് തയ്യാറാക്കുകയും ചെയ്യുന്നു.
- ദൈനംദിന അനുഭവങ്ങൾ ചേർത്ത് ഡയറി എഴുതുന്നു.
- രചനകളിലെ തെറ്റുകൾ തിരുത്തുകയും മെച്ചപ്പെടുത്തി എഴുതുകയും ചെയ്യുന്നു.
- ആശംസകൾ/ അറിയിപ്പുകൾ വായിച്ച് ആശയം പറയുന്നു.
- ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.
- ആർജിച്ച പദങ്ങൾ ലഘുപ്രയോഗങ്ങൾ എന്നിവ ഭാഷണ /രചനാ സന്ദർഭങ്ങളിൽ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.
- പൂർണ്ണ വിരാമം,  ചോദ്യചിഹ്നം, അങ്കുശം തുടങ്ങിയ ചിഹ്നങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ പ്രയോഗിക്കുന്നു.
- വായിച്ച പാഠത്തിൽ നിന്ന് നിശ്ചിത പദങ്ങൾ, പ്രയോഗങ്ങൾ, വാക്യങ്ങൾ എന്നിവ കണ്ടെത്തി പറയുന്നു.
- ഇഷ്ടപ്പെട്ട വായനസാമഗ്രികൾ വായിച്ചാസ്വദിക്കുകയും വായനാനുഭവങ്ങൾ മറ്റുള്ളവരുമായി പറഞ്ഞും എഴുതിയും പങ്കുവെയ്ക്കുന്നു.
- ചിഹ്നങ്ങൾ പരിഗണിച്ച് തെറ്റുകൂടാതെ രചന നിർവ്വഹിക്കുന്നു.
- പാഠസന്ദർഭം വായിച്ച് ഒറ്റയ്ക്കും സംഘമായും അഭിനയിക്കുന്നു.
- രചനകൾ പങ്കുവെച്ച് വായനാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.

**പരിസരപഠനം**

- സ്വന്തം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു പറയുകയും എഴുതുകയും ചെയ്യുന്നു.
- സ്വന്തം പ്രദേശത്തെ തൊഴിലുകൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു.
- നാട്ടിലെ കളികൾ, കളി രീതികൾ എന്നിവ വ്യത്യസ്തമാണെന്നു തിരിച്ചറിയുകയും ഏതാനും കളികളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു. പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ വേണമെന്ന മനോഭാവം വളരുന്നു.
- നിരീക്ഷണം, വായന, അനുഭവങ്ങൾ പങ്കുവെയ്ക്കൽ എന്നിവയിലൂടെ പകരുന്നവയും പകരാത്തവയുമായ രോഗങ്ങൾ തിരിച്ചറിയുന്നു.
- ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. ലഘുവ്യായാമങ്ങളിൽ ഏർപ്പെടുന്നു.



Scanned with OKEN Scanner

- സസ്യങ്ങളുടെ പ്രയോജനങ്ങൾ തിരിച്ചറിയുന്നു.
- പ്രത്യേകതകൾ അനുസരിച്ച് സസ്യങ്ങളെ വർഗ്ഗീകരിക്കുന്നു.
- സസ്യങ്ങൾ വളരുന്നുണ്ടെന്ന് ലഘുപരീക്ഷണങ്ങളിലൂടെ തിരിച്ചറിയുന്നു.
- മണ്ണിലും ജലത്തിലും വളരുന്ന സസ്യങ്ങളെ തിരിച്ചറിയുന്നു.
- ആഹാരത്തിനു വരുമാനത്തിനുമായി നട്ടുവളർത്തുന്ന സസ്യങ്ങളെ പട്ടികപ്പെടുത്തുന്നു.
- ചുറ്റുപാടുമുള്ള ജീവികളെ സവിശേഷതകൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു.
- സഞ്ചാരരീതിയിലെ വ്യത്യാസം തിരിച്ചറിഞ്ഞ് ജീവികളെ വർഗ്ഗീകരിക്കുന്നു.
- ജീവികളുടെ പ്രജനനരീതിയിലെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു.
- ജീവികളുടെ ആഹാരം, അവയുടെ ആഹാരരീതി എന്നിവ തിരിച്ചറിയുന്നു.
- ജലത്തിന്റെ ഉപയോഗങ്ങൾ തിരിച്ചറിയുന്നു.
- പരീക്ഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ജലത്തിൽ അലിയുന്നതും അലിയാത്തതുമായ വസ്തുക്കളെ തിരിച്ചറിയുന്നു.
- ജലം പാഴാകുന്ന സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- നിരീക്ഷണത്തിലൂടെയും ലഘുപരീക്ഷണങ്ങളിലൂടെയും ജലത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു
- ആരോഗ്യത്തിന് ദോഷം ചെയ്യുന്ന ആഹാരവസ്തുക്കൾ തിരിച്ചറിയുന്നു.
- ശരീരവളർച്ചയ്ക്കും പ്രവൃത്തി ചെയ്യാനും വ്യത്യസ്തങ്ങളായ ആഹാരങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിയുന്നു.
- വാഹനങ്ങൾകൊണ്ടുള്ള പ്രയോജനങ്ങൾ തിരിച്ചറിഞ്ഞ് വിശദമാക്കുന്നു.
- പഴയകാലത്തെ വാഹനങ്ങളും ഇപ്പോഴത്തെ വാഹനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുന്നു. പട്ടികപ്പെടുത്തുന്നു.
- ഇന്ധനം ആവശ്യമുള്ളതും അല്ലാത്തതുമായ വാഹനങ്ങൾ തരംതിരിക്കുന്നു.
- വാഹനങ്ങൾ വഴിയുള്ള മലിനീകരണത്തിന്റെ ദൂഷ്യവശങ്ങൾ തിരിച്ചറിയുന്നു.
- മലിനീകരണത്തിനെതിരെ മനോഭാവം രൂപീകരിക്കുന്നു.
- പൊതുവാഹനങ്ങൾ ഉപയോഗിക്കുന്നതിലൂടെ മലിനീകരണം കുറയ്ക്കുകയും ഇന്ധനം ലാഭിക്കുകയും ചെയ്യാമെന്ന് തിരിച്ചറിയുന്നു.
- കാൽനടക്കാർ ചില റോഡ് നിയമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നു. പാലിക്കുന്നു.
- വാഹനങ്ങളുടെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗങ്ങൾ തിരിച്ചറിയുന്നു.

## ഗണിതം

- ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു, എഴുതുന്നു
- രണ്ടക്ക സംഖ്യകളെ വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്ന രീതി വിശദീകരിക്കുന്നു
- ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കുന്നു.
- കലണ്ടർ നോക്കി ഒരു നിശ്ചിത തീയതി ഏതു ദിവസമാണെന്ന് കണ്ടെത്തുന്നു.
- രണ്ടക്കസംഖ്യകളെ പിരിച്ചെഴുതുന്നു.
- ഒന്നു മുതൽ ൰ വരെയുള്ള സംഖ്യകളുടെ തുക കാണുന്നതിനുള്ള രീതി വിശദീകരിക്കുന്നു.
- സങ്കലനവുമായി ബന്ധപ്പെട്ട ക്രിയാഫലങ്ങൾ മനക്കണക്കായി പറയുന്നു.
- വട്ടം, ചതുരം, ത്രികോണം ഉൾപ്പെടുന്ന ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു
- സ്ഥാനവില തിരിച്ചറിഞ്ഞ് രണ്ടക്ക സംഖ്യ രൂപീകരിക്കുന്നു. പിരിച്ചെഴുതുന്നു
- സ്കെയിൽ ഉപയോഗിച്ച് നേർരേഖകൾ വരയ്ക്കുന്നു
- സംഖ്യകൾ ഉപയോഗിച്ച് വിവിധ പാറ്റേണുകൾ നിർമ്മിക്കുന്നു.



Scanned with OKEN Scanner

- രണ്ടക്ക സംഖ്യയെ അതിനെക്കാൾ ചെറിയ സംഖ്യകളുടെ തുകയായി എഴുതുന്നു
- കലണ്ടർ നോക്കി 2 ദിവസങ്ങൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം കണ്ടെത്തുന്നു.
- ആഴ്ചയിലെ ദിവസങ്ങൾ വർഷത്തിലെ മാസങ്ങൾ ക്രമമായി പറയുന്നു.
- 100 ൽ താഴെയുള്ള സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- അംഗീകൃതമല്ലാത്ത ഏകകങ്ങൾ ഉപയോഗിച്ച് നീളം അളക്കുന്നു.
- 2 സ്ഥലങ്ങൾ തമ്മിലുള്ള ദൂരങ്ങളിൽ കൂടിയ ദൂരവും കുറഞ്ഞ ദൂരവും താരതമ്യം ചെയ്യുന്നു.
- രണ്ടക്ക സംഖ്യയിൽ നിന്ന് സംഖ്യ കുറയ്ക്കുന്ന രീതി വിശദീകരിക്കുന്നു.
- ഓരോ മാസത്തിലെയും ദിവസങ്ങളുടെ എണ്ണം കലണ്ടർ നോക്കി പറയുന്നു. പാത്രങ്ങളുടെ ഉള്ളളവ് ഊഹിച്ച് പറയുന്നു.
- രണ്ടു വസ്തുക്കൾ എടുത്ത് നോക്കി ഭാരം കൂടിയതും കുറഞ്ഞതും കണ്ടെത്തുന്നു.
- നാണയങ്ങൾ, കറൻസികൾ എന്നിവയുടെ മൂല്യം തിരിച്ചറിഞ്ഞ് തുകയും വ്യത്യാസവും കാണുന്നു.
- സംഖ്യാ പ്രത്യേകതകൾ കണ്ടെത്തി വിശദീകരിക്കുന്നു.
- 2. 5. 10 ഇവയുടെ ഗുണന വസ്തുതകൾ രൂപീകരിക്കുന്നു. പട്ടികപ്പെടുത്തുന്നു.
- ഗുണനക്രിയ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. സമയം സൂചിപ്പിച്ചുകൊണ്ട് വാചികമായും എഴുതിയും അനുഭവങ്ങൾ അവതരിപ്പിക്കുന്നു.
- ഗുണനക്രിയയുടെ അർത്ഥം വിശദീകരിക്കുന്നു.
- സമയത്തെ നേരവുമായി ബന്ധപ്പെടുത്തി പറയുന്നു.

## English

- Comprehends and enjoys a simple stories and songs
- Able to add two or three exchanges to a conversation
- Engage in theatre games and language games following instructions Frame sentences using simple adjectives
- Sequences the major events in a story
- Writes simple conversations suited to the context Read and enjoy simple graphic stories
- Describe things and situations in oral and written forms Reads and enjoys simple adventure stories.
- Uses simple english for answering interaction questions
- Arranges words in the alphabetical order
- Recites/sings songs or poems with proper rhythm and actions
- Describes events and pictures using appropriate vocabulary.
- Uses correct forms of action words,
- Express opinions, suggestions and engages in argument and discussions etc.
- Using appropriate language Identifies the names of different games.
- Identifies the position of objects and persons
- Express ability and inability using 'can' and 'can't'
- Enjoy riddles and construct riddles Identifying the qualities of objects/beings
- Use 'a', 'some', and 'many" to denote quantity
- Construct and present simple conversations/dialogues suited to contexts
- Enjoy performing mime and theatre games
- Identify the rhythm and idea of the poem and choreographit



Scanned with OKEN Scanner

## Learning Outcomes

Std-III

**English**

- Read and comprehend a story
- Use simple English for answering introduction questions
- Read and understand many words
- Read and appreciate a poem and identify rhyming words in a poem.
- Develop discourses like conversation, thoughts, notice etc.
- Write short descriptions about one's own family and bio-data etc.
- Write the experience of a journey in simple english
- Understand and respond to simple questions.
- Identify the names of different birds
- Describe a picture prepare posters suitable to the theme engage in origami works. Express his/her own feelings in writing
- Identify riddles and make riddles.
- Make sentences using prepositions use singalar & plural forms of the words
- Prepare a profile.
- Identify the simple present & simple past forms & regular verbs
- Do activities is the text book according to the instructions
- Undertake language projects actively Use prepositions in meaningful contexts

**പരിസരപഠനം**

- ഈ ഭൂമിയിൽ നാം മാത്രമല്ല നമുക്ക് ചുറ്റും വിവിധതരത്തിൽപ്പെട്ട ധാരാളം ജീവികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും നമ്മെപ്പോലെ തന്നെ മറ്റു ജീവികൾക്കും ഈ ഭൂമിയിൽ നിലനിൽക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കണമെന്നും
- കുട്ടികൾ മനസ്സിലാക്കുന്നു. ആഹാരരീതിക്കനുസരിച്ച് ജീവികളെ സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രമഹാരികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നതിന് കഴിയുന്നു. ശത്രുക്കളിൽ നിന്ന് രക്ഷനേടുന്നതിനും ആഹാരം കഴിക്കുന്നതിനും മറ്റു ഓരോ ജീവികൾക്കുമുള്ള അനുകൂലനങ്ങൾ പറയുവാൻ കഴിയുന്നു.
- ജീവികളെ സഞ്ചാരരീതിക്കനുസരിച്ച് പട്ടികപ്പെടുത്തുന്നതിന് സാധിക്കുന്നു. മനുഷ്യന്റെ ഇടപെടലുകൾ എങ്ങിനെ ജീവികളെ ബാധിക്കുന്നുവെന്നും മറ്റു ജീവികളെയും നാം സംരക്ഷിക്കണമെന്നും മനസ്സിലാക്കുന്നു. ജീവികളെ നാം സംരക്ഷിക്കേണ്ടതാണ് എന്ന ആശയം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നു.
- ജലം പാഴാകുന്ന സന്ദർഭങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും ജലം അമൂല്യമാണെന്നും അത് വളരെ കരുതലോടെ ഉപയോഗിക്കണമെന്നും മനസ്സിലാക്കുന്നു.
- കിണറ്റിലെ ജലം പാഴാകാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജലം ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ജലാശയങ്ങൾ മലിനമാക്കാതിരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.



Scanned with OKEN Scanner

- കൊതുക്, ഈച്ച, എലി എന്നീ ജീവികൾ പരത്തുന്ന രോഗങ്ങളെകുറിച്ചും അവയെ നശിപ്പിക്കുന്നതിനും ഇവ പരത്തുന്ന രോഗങ്ങൾ പിടിപ്പെടാതിരിക്കുന്നതിന് ചെയ്യേണ്ടതെന്തെല്ലാമെന്നും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ സാധിക്കുന്നു.
- നമുക്കാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണെന്നും അതിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കി നമുക്കുവേണ്ട പച്ചക്കറികൾ നാം തന്നെ നിർമ്മിക്കുന്നതിന് പച്ചക്കറിത്തോട്ടം നിർമ്മിക്കണമെന്നും അതിന്റെ ഘട്ടങ്ങൾ ഏതെല്ലാമെന്നും മനസ്സിലാക്കുന്നു.
- പഞ്ചേന്ദ്രിയങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും പ്രാധാനമെന്തെല്ലാമെന്നും മനസ്സിലാക്കുന്നു.
- ഒരു ഉത്പന്നം രൂപപ്പെടുന്നതിന്റെ പിന്നിൽ ഒരുപാട് തൊഴിലാളികളുടെ പ്രയത്നം ഉണ്ടെന്ന് മനസ്സിലാക്കുന്നു.
- വിവിധതരം തൊഴിലുപകരണങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു
- നമുക്കുചുറ്റും വിവിധതരം തൊഴിലുകൾ ഉണ്ടെന്നും ഓരോന്നിനും അതിന്റേതായ മഹത്വമുണ്ടെന്നും തിരിച്ചറിഞ്ഞ് പറയുവാൻ കഴിയുന്നു.
- ഒരു ഉത്പന്നം രൂപപ്പെടുന്നതിന്റെ പിന്നിൽ ഒരുപാട് തൊഴിലാളികളുടെ പ്രയത്നം ഉണ്ടെന്ന് മനസ്സിലാക്കുന്നു.
- വിവിധതരം തൊഴിലുപകരണങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു.
- നമുക്കുചുറ്റും വിവിധതരം ചിത്രശലഭങ്ങൾ ഉണ്ടെന്നും അവയുടെ പേരും മറ്റും പറയുന്നതിനും കഴിയുന്നു.
- ചിത്രശലഭങ്ങളുടെ വിവിധഘട്ടങ്ങൾ മനസ്സിലാക്കുന്നു.
- ചിത്രശലഭങ്ങളെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മണ്ണിൽ ധാരാളം ചെറുജീവികളും മറ്റും അടങ്ങിയിരിക്കുന്നുവെന്നും കല്ല്, മണ്ണ് ഇവ എങ്ങിനെ ഉണ്ടാകുന്നുവെന്നും പലതരം മണ്ണുകളെ കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കുന്നു.
- മണ്ണിൽ വായു ഉണ്ടെന്നു മനസ്സിലാക്കുന്നതിനുള്ള ചെറിയ പരീക്ഷണം ചെയ്യുന്നു.
- മണ്ണൊലിപ്പ് ഉണ്ടാകുന്ന സാഹചര്യങ്ങൾ അവയെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഇവയെല്ലാം മനസ്സിലാക്കി ചെയ്യുന്നു.
- റോഡപകടങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ അവ തടയുന്നതിന് എടുക്കേണ്ട മാർഗ്ഗങ്ങൾ ഇവ മനസ്സിലാക്കുന്നു.
- ട്രാഫിക് ലൈറ്റ്, ട്രാഫിക് നിയമങ്ങൾ ഇവയെക്കുറിച്ച് മനസ്സിലാക്കുന്നു
- യാത്രക്കാരും ഡ്രൈവർമാരും നിർവഹിക്കേണ്ട കർത്തവ്യങ്ങൾ തിരിച്ചറിയുന്നു. റോഡിലൂടെയും വാഹനത്തിലൂടെയും യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കുന്നു.
- റെയിൽപാളം മുറിഞ്ഞു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.
- കേരളം വളരെ മനോഹരമാണെന്ന് തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു. കേരളത്തിലെ 14 ജില്ലകളും സംസ്ഥാനത്തിന്റെ ഔദ്യോഗിക ചിഹ്നങ്ങൾ ഏതെല്ലാമാണെന്ന് തിരിച്ചറിഞ്ഞ് പറയാൻ സാധിക്കുന്നു.
- സ്വന്തം ജില്ലയെക്കുറിച്ചും അവിടെയുള്ള പ്രധാന സ്ഥലങ്ങളും മറ്റും പറയുന്നതിന് കഴിയുന്നു
- ഭൂമി സൂര്യൻ, ചന്ദ്രൻ എന്നിവയ്ക്ക് ഗോളാകൃതിയാണെന്നും ഭൂമിയിൽ കരഭാഗത്തെക്കാൾ കൂടുതൽ കടൽഭാഗമാണെന്നും തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.ഭൂമിയിൽ രാത്രിയും പകലും ഉണ്ടാകുന്നതെങ്ങിനെയാണെന്നും പന്ത്, ടോർച്ച് മുതലായവ ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുന്നു.
- വീടിന്റെ ഉപയോഗങ്ങൾ, മുറികളുടെ പ്രാധാന്യം, വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ, വീടിന്റെ നിർമ്മാണ വസ്തുക്കൾ ഇവ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിന് സാധിക്കുന്നു.
- പരിസ്ഥിതിക്കും കാലാവസ്ഥക്കും അനുയോജ്യമായ വീടുകളുടെ നിർമ്മാണം , വീടില്ലാത്തവരുടെ ദുരിതങ്ങൾ എന്തെല്ലാമാണ് എന്നും പറയാൻ കഴിയുന്നു.
- വീടില്ലാത്തവരെ സഹായിക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു.



Scanned with OKEN Scanner

## മലയാളം

- കഥ കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അതരിപ്പിക്കുന്നു.
- കവിതകൾ വായിച്ചും കേട്ടും ആസ്വദിച്ച് ഈണം, ഭാവം, താളം എന്നിവയോടെ ചൊല്ലുന്നു.
- സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതി അവതരിപ്പിക്കുന്നു. (കഥ, കവിത, കുറിപ്പ്, വിവരണം, കത്ത്)
- പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ ശൈലികൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം സംസാരിക്കുന്നു.
- പതിപ്പുകൾ തയ്യാറാക്കുന്നു. കത്തുകൾ തയ്യാറാക്കുന്നു.
- കഥകൾ, കവിതകൾ എന്നിവ റോൾപ്ലേ, മൈമിംഗ് എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
- പദങ്ങൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു.
- ചിത്രങ്ങൾ ദൃശ്യങ്ങൾ എന്നിവ കണ്ട് ഉചിതമായ അടിക്കുറിപ്പുകൾ നിർദ്ദേശിക്കുന്നു.
- ഡയറിക്കുറിപ്പ് തയ്യാറാക്കുന്നു.
- ചിഹ്നം തിരിച്ചറിയുന്നു. ഉചിതമായി പ്രയോഗിക്കുന്നു. പൂർണവിരാമം , ചോദ്യചിഹ്നം, അല്പവിരാമം, ഉദ്ധരണി അർധവിരാമം,ആശ്ചര്യചിഹ്നം )
- നിശ്ചിത വ്യവഹാരരൂപം ( ദൃക്സാക്ഷി വിവരണം, വാർത്ത ) ശ്രോതാക്കൾക്ക് ആശയം ഗ്രഹിക്കത്തക്ക രീതിയിൽ ഉച്ചാരണശുദ്ധി ഒഴുക്ക് എന്നിവയോടെ അവതരിപ്പിക്കുന്നു.

## ഗണിതം

- 999 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും, വ്യാഖ്യാനിക്കാനും, സ്ഥാന വിലയനുസരിച്ച് പിരിച്ചെഴുതാനും, സംഖ്യാക്രമങ്ങൾ കണ്ടെത്താനും പ്രശ്ന പരിഹാരണത്തിനു പയോഗിക്കാനും കഴിയുന്നു.
- മൂന്നക്ക സംഖ്യകൾ (സങ്കലനം വ്യവകലനം) പ്രശ്നപരിഹരണത്തിനുപയോഗിക്കുന്നു.സംഖ്യകളുടെ പ്രത്യേകതകൾ പരിശോധിച്ച് സംഖ്യാബന്ധങ്ങൾ സംബന്ധിച്ച നിഗമനങ്ങൾ രൂപീകരിക്കുന്നു. യുക്തി വിശദീകരിക്കുന്നു.
- ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും ചതുരം, ത്രികോണം, വട്ടം ഇവ തിരിച്ചറിയുന്നു. ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുകയും വരയ്ക്കുകയും ചെയ്യുന്നു.
- സൂക്ഷ്മതയോടെയും കൃത്യതയോടെയും അളവുകൾ എടുക്കുന്നു.
- പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണത്തിന് ഗുണനക്രിയ ഉപയോഗിക്കുന്നു.
- വാച്ച്, ക്ലോക്ക് ഇവ നോക്കി സമയം പറയുന്നു.
- മണിക്കൂർ, മിനിറ്റ് ഇവയുടെ പരസ്പര ബന്ധം വിശദീകരിക്കുന്നു.
- കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം, മാസങ്ങളിലെ തിയ്യതികൾ വിശേഷദിവസങ്ങൾ ഇവ കണ്ടെത്തുന്നു.
- മീറ്റർ, സെന്റീമീറ്റർ, ടേപ്പ്/സ്കെയിൽ ഉപയോഗിച്ച് നീളം കൃത്യമായി അളക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ഉള്ളളവിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം വിശദീകരിക്കുന്നു. (മില്ലി ലിറ്റർ, ലിറ്റർ)
- ഉള്ളളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹരണക്രിയ ഉപയോഗിക്കുന്നു.
- ഭാരത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം വിശദീകരിക്കുന്നു. (ഗ്രാം/ കിലോഗ്രാം) ഭാരം അളക്കുന്നു.
- ഭാരവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ചിത്രരൂപത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളെ വിശദീകരിക്കുന്നു. വ്യാഖ്യാനിക്കുന്നു.
- ചിത്രത്തിലുള്ള വിവരങ്ങളെ ആവശ്യത്തിനനുസരിച്ച് പട്ടികപ്പെടുത്തുന്നു.



Scanned with OKEN Scanner

# പഠനനേട്ടങ്ങൾ

## Std-IV

### ഗണിതം

- പതിനായിരം വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതാനും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കാനും കഴിയുന്നു. പ്രായോഗിക പ്രശ്നപരിഹരണവും സാധിക്കുന്നു. സംഖ്യാശ്രേണിയുടെ യുക്തി കണ്ടെത്തി വിശദീകരിക്കുന്നു.
- സമയം, മാസം, തീയ്യതി, ദിവസം, വർഷം ഇവ മനസ്സിലാക്കുന്നു. കണ്ടെത്തുന്നു . ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- പ്രശ്ന പരിഹരണ രീതികൾ വിശദീകരിക്കുന്നു.
- ചതുരം, സമചതുരം, ത്രികോണം എന്നിവയുടെ ചുറ്റളവ് കൃത്യതയോടെ കണക്കാക്കുന്നതിനുള്ള രീതി വിശദീകരിക്കുന്നു. ഊഹിച്ച് പറയുന്നു.
- ത്രിമാനരൂപങ്ങൾ ആകൃതിയനുസരിച്ച് തരംതിരിക്കുന്നു.
- ക്രിയാഫലങ്ങൾ മതിച്ച് പറയുന്നു. മനകണക്കാക്കി പറയുന്നു. സംഖ്യാപാറ്റേണിന്റെ തുടർച്ച കണ്ടെത്തി യുക്തി വിശദീകരിക്കുന്നു.
- 1/4, 1/2, 3/4 ഇവ ഭാഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. രീതി വിശദീകരിക്കുന്നു.
- നീളം, ഭാരം ഇവയുമായി ബന്ധപ്പെട്ടവ വിശദീകരിക്കുന്നു. മനസ്സിലാക്കുന്നു. പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ലഭ്യമായ വിവരങ്ങൾ ആവശ്യത്തിനനുസരിച്ച് പട്ടികപ്പെടുത്തുന്നു. വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
- ശേഖരിച്ച വിവരങ്ങളെ വരകൾ ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് സൂചിപ്പിക്കുന്നു.അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.
- അഞ്ചക്ക സംഖ്യ(10000) വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.
- സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുന്നു.
- അഞ്ചക്ക സംഖ്യാ എഴുതാനും വായിക്കാനും സാധിക്കുന്നു.

### മലയാളം

- പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
- ഉച്ചാരണശുദ്ധി,ഒഴുക്ക് ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു.
- പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ, വാർത്ത, അഭിനയം, തുടങ്ങിയ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു.
- ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.
- കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു.
- വ്യത്യസ്ത വായ്ത്താരികൾ ശേഖരിക്കുന്നു.ഈണത്തിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി ദൃശ്യത്തെ ചിത്രീകരിക്കുന്നു.



Scanned with OKEN Scanner

- പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ പ്രദേശത്തിനും തനതായ കലാരൂപമുണ്ടെന്ന് കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.
- യാത്രാവിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.
- പത്രവാർത്ത തയ്യാക്കുന്നു.
- നിവേദനം, ജീവചരിത്രകുറിപ്പ് എന്നിവ തയ്യാറാക്കുന്നു. അഭിനന്ദനകത്ത് തയ്യാറാക്കുന്നു.

## പരിസരപഠനം

- ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.
- ജീവികളുടെ പരസ്പര ബന്ധം കണ്ടെത്തി പ്രസ്താവിക്കുന്നു.
- ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്ന് ഉദാഹരണസഹിതം വിശദീകരിക്കുന്നു. വനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- സ്വാഭാവിക വാസസ്ഥലങ്ങൾ തകർക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തി പ്രസ്താവിക്കുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സസ്യങ്ങളുടെ വേരുപടലത്തിന്റെ സവിശേഷതകൾ കണ്ടെത്തി നാരുവേരു പടലം, തായ്‌വേരു പടലം എന്നിങ്ങനെ തരം തിരിക്കുന്നു, പട്ടികപ്പെടുത്തുന്നു.
- ഇലകളിലെ സിരാവിന്യാസം നിരീക്ഷിച്ച് ജാലിക സിരാവിന്യാസം, സമാന്തര സിരാവിന്യാസം എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു.
- ഏകബീജ പ്രതി സസ്യങ്ങൾക്കും ദ്വിബീജപത്രസസ്യങ്ങൾക്കും നിർവചനങ്ങൾ നല്കുന്നു.
- സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഭാരതത്തിന്റെ അവസ്ഥകൾ വിശദീകരിക്കുന്നു. ഗാന്ധിജിയുടെ മഹത്തായ സ്വഭാവ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ നടത്തിയ ക്രൂരതകളെപ്പറ്റി വിശദീകരിക്കുന്നു .
- ഉപ്പു സത്യാഗ്രഹത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുന്നു.
- ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. കൂടുകൾ, വാസസ്ഥലം, ആകൃതി എന്നിവയിൽ പക്ഷികൾ വൈവിധ്യം പുലർത്താനുമെന്ന് കണ്ടെത്തി പറയുന്നു.
- സഞ്ചാരരീതി, ആഹാരസമ്പാദന രീതി എന്നിവയ്ക്കനുസരിച്ച് പക്ഷികളുടെ ശാരീരിക പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.
- പക്ഷികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രസ്താവിവിക്കുന്നു.
- വളർത്തുപക്ഷികളെ കൊണ്ടുള്ള പ്രയോജനങ്ങൾ പട്ടികപ്പെടുത്തുന്നു. കേരളത്തിലെ കലാരൂപങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- കേരളത്തിലെ ആഘോഷങ്ങളെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു.
- നാടൻ കളികൾ പട്ടികപ്പെടുത്തുകയും ആവശ്യമായ കളിയുപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.
- ഭ്രമണത്തിന്റെ ഫലമായാണ് ദിനരാത്രങ്ങൾ ഉണ്ടാകുന്നതെന്ന് വിശദീകരിക്കുന്നു
- ഭൂമി ഒരു പരിക്രമണത്തിനെടുക്കുന്ന സമയമാണ് ഒരു വർഷം എന്ന് പ്രസ്താവിക്കുന്നു.
- ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ. ചന്ദ്രന്റെ വൃദ്ധി എന്നിവ വിശദീകരിക്കുന്നു.
- കൃത്രിമ ഉപഗ്രഹങ്ങളെപ്പറ്റി ലളിതമായി നിർവചിക്കുന്നു
- ജലത്തിന് മൂന്ന് അവസ്ഥകളുണ്ടെന്ന് തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ഖര വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ പ്രസ്താവിക്കുന്നു. ദ്രാവകം, വാതകം പ്രത്യേകതകൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ പരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു.
- സൂചിക അടിസ്ഥാനപ്പെടുത്തി കേരളത്തിന്റെ ഭൂപടം വായിക്കുന്നു. കേരളത്തിന്റെയും സ്വന്തം ജില്ലയുടെയും ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിവരങ്ങൾ അടയാളപ്പെടുത്തുന്നു.



Scanned with OKEN Scanner

- വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് ദിക്കുകൾ കണ്ടെത്തുന്നു.
- ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഒരു രാജ്യതലസ്ഥാന പ്രദേശവും കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- ഓരോ സംസ്ഥാനത്തിലും തനത് കലാരൂപങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് വിശദീകരിക്കുന്നു.
- നിരവധി ഭാഷകൾ സംസാരിക്കുന്ന ആളുകൾ സന്ത്യയിൽ ഉണ്ടെന്ന് കണ്ടെത്തി വിശദീകരിക്കുന്നു. പഴയകാല വാർത്താവിനിമയ സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- ആധുനിക വിവരവിനിമയ സംവിധാനങ്ങളുമായി പരിചയപ്പെട്ട് ഒരു കുറിപ്പ് തയ്യാറാക്കുന്നു.
- വിവിധ വാർത്താമാധ്യമങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് തരം തിരിക്കുന്നു.
- പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം കണ്ടെത്തി പറയുന്നു ഓരോ അപകടത്തിനും എന്തെല്ലാം പ്രഥമ ശുശ്രൂഷകൾ നൽകണമെന്ന് വിശദീകരിക്കുന്നു.
- പ്രഥമ ശുശ്രൂഷ എന്തെന്ന് നിർവചിക്കുന്നു.
- ചരിത്രത്തെ സൂചിപ്പിക്കുന്ന സ്മാരകങ്ങളും അടയാളങ്ങളും തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു. പൊതുസ്ഥാപനങ്ങളെക്കുറിച്ചും അവ നൽകുന്ന സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു.
- നാടിന് ഒരു ചരിത്രമുണ്ടെന്ന് കണ്ടെത്തുന്നു.
- നാടിന് അതിന്റേതായ ഭരണസംവിധാനമുണ്ടെന്നും, ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് ഭരണസംവിധാനങ്ങളാണെന്നും കണ്ടെത്തി പറയുന്നു.

## English

- Describes the pictures
- Arranges word in alphabetical order
- "Adds more exchanges to the Conversation suitable to the context"
- Identifies rhyming words from the poem
- Adds lines to a poem following a set pattern
- Reads and understands the given stories and poems
- Makes simple riddles
- Undertakes simple project work given
- Identify riddles and make riddles.
- Make sentences using prepositions use singalar & plural forms of the words
- Prepare a profile.
- Identify the simple present & simple past forms & regular verbs
- Do activities is the text book according to the instructions
- Undertake language projects actively Use prepositions in meaningful contexts



Scanned with OKEN Scanner

# ഭൗതിക സൗകര്യ വികസന ആസൂത്രണരേഖ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറികൾ | അത്യാധുനിക സൗകര്യങ്ങളോടെ പണി കഴിപ്പിച്ച ക്ലാസ്സ് മുറികൾ | |
| കളിസ്ഥലം | ഉണ്ട്<br>Pre.KER പ്രകാരമുള്ള 6 ക്ലാസ്സ് മുറികൾ | |
| വൈദ്യുതി , ലൈബ്രറി | ഉണ്ട്<br>പുസ്തകങ്ങൾ വച്ചിരിക്കുന്ന അലമാര പുസ്തകങ്ങൾ,പത്രം | ലൈബ്രറി റൂം |
| ലബോറട്ടറി | ഇല്ല | അടിസ്ഥാന സൗകര്യങ്ങളുള്ള ലബോറട്ടറി |
| ചുറ്റുമതിൽ | ഉണ്ട് | |
| കമ്പ്യൂട്ടർ | 1 കമ്പ്യൂട്ടർ, കമ്പ്യൂട്ടർ റൂം | |
| ലാപ്ടോപ്പ് | ഉണ്ട് , 6 എണ്ണം | |
| ഇന്റർനെറ്റ് | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്സ് റൂം | ഉണ്ട് | |
| പ്രൊജക്ടർ | ഉണ്ട് | |
| കൈകഴുകുന്നതിനുള്ള സൗകര്യം | ഉണ്ട് | |
| Boys toilet | ഉണ്ട് | |
| Girls toilet | ഉണ്ട് | |
| കുടിവെള്ളം | ഉണ്ട് | |
| ഉച്ചഭക്ഷണം | പോഷകസമൃദ്ധം വൃത്തിയുള്ളത് | |
| അടുക്കള | തൃപ്തികരം | അടുക്കള കുറച്ചുകൂടി സൗകര്യപ്രദമായ അടുക്കള |

# തനതു പ്രവർത്തനം

## ആമുഖം

കേരളത്തിലെ ഔദ്യോഗിക ഭാഷയാണ് മലയാളം .ഇന്ത്യയിൽ ശ്രേഷ്ഠ ഭാഷ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷ. ദ്രാവിഡ ഭാഷാ കുടുംബത്തിലെ അംഗം. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള ചില കേന്ദ്ര ഭരണ പ്രദേശങ്ങളിലും കേരളത്തോട് അടുത്ത് കിടക്കുന്ന ചില സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിലും സംസാരഭാഷയായി മലയാളം ഉപയോഗിച്ചുവരുന്നു.

മലയാള ഭാഷ എഴുതുന്നതിനായി ഉപയോഗിക്കുന്ന തനതു ഭാഷ ലിപിയാണ് മലയാളം അക്ഷരമാല. മലയാളം അക്ഷരമാലയെ മറ്റ് ദ്രാവിഡ ഭാഷ അക്ഷരങ്ങളെ പോലെ തന്നെ വ്യാകരണ പ്രകാരം സംസ്കൃത ശൈലീഘടന അടിസ്ഥാനത്തിൽ സ്വരാക്ഷരങ്ങൾ എന്നും വ്യഞ്ജനാക്ഷരങ്ങൾ എന്നും പൊതുവെ രണ്ട് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ചില്ലക്ഷരങ്ങൾ എന്നും കൂട്ടക്ഷരങ്ങൾ എന്നും വിളിക്കപ്പെടുന്ന വിഭാഗ്യ അക്ഷരങ്ങളും മലയാളം എഴുതുന്നതിനായി ഉപയോഗിക്കുന്നു.

കേരളീയരെ സംബന്ധിച്ചിടത്തോളം മാതൃഭാഷാ സ്നേഹം എന്നത് മാതാവിനോടുള്ള സ്നേഹമാണ്.ലോകത്തിൽ എവിടെ ചെന്നാലും മലയാളികളായ നമ്മെ സംബന്ധിച്ചിടത്തോളം ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും അനുഭവിക്കുന്നതും എല്ലാം നമ്മുടെ മാതൃഭാഷയിലൂടെയാണ്. അതിനാൽ തന്നെ ഭാഷ സംസാരിക്കാൻ മാത്രമല്ല അത് എഴുതുന്നതിലും വായിക്കുന്നതിലും നാം മികവ് പുലർത്തേണ്ടതാണ്. ചെറിയ ക്ലാസ് മുതൽ തന്നെ ഭാഷ ശരിയായി എഴുതാനും വായിക്കാനും അറിഞ്ഞാലാണ് ആ ഭാഷയെ കൂടുതൽ ആസ്വദിക്കാനും അനുഭവിക്കാനും കഴിയുകയുള്ളൂ .



Scanned with OKEN Scanner

# പഠന ലക്ഷ്യം

മലയാളഭാഷ ശരിയായി എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത് .

അക്ഷരത്തിലൂടെ തുടങ്ങി പദങ്ങളും ചെറുവാക്യങ്ങളും ഖണ്ഡികകളും എഴുതിയും പറഞ്ഞു കുട്ടി മലയാളഭാഷയെ കൂടുതൽ പ്രായോഗികതലത്തിൽ ഉപയോഗപ്രദമാക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്.

# പ്രവർത്തനകാലയളവ്

- ജൂൺ മാസം മുതൽ മാർച്ച് മാസം വരെ

# സാമ്പത്തിക ചെലവ്

4000 രൂപ

# പ്രവർത്തനം

- ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ രണ്ട് വിഭാഗങ്ങളായി തിരിച്ചാണ് പ്രവർത്തനങ്ങൾ നൽകിയിരിക്കുന്നത്.
- ജൂൺമാസം മുതൽ ഓരോ മാസങ്ങളിലായി കുട്ടികൾ ആർജ്ജിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് ക്രമീകരിച്ചു നൽകുന്നു.

**ജൂൺ**

അക്ഷരമാല - സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉറപ്പിക്കൽ.

- 1 - 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഈ കാലയളവിൽ അക്ഷരമാല ഉറച്ചിരിക്കണം.



Scanned with OKEN Scanner

അതിനായി അക്ഷരമാല വായിക്കലും രണ്ടു വര കോപ്പി എഴുതുകയും ചെയ്യുന്നു. ജൂൺ മാസത്തിന്റെ അവസാനത്തിൽ അതിന്റെ പരിശോധന നടത്തുന്നു . രണ്ട് അക്ഷരങ്ങൾ ചേരുന്ന ഏതാനും ചില വാക്കുകൾ കുട്ടികൾക്ക് നൽകുന്നു. കൂടുതൽ വാക്കുകൾ അവർ കണ്ടെത്തുന്നു.

**ഉദാ : തല , പറ , മല , പന , ... etc**

## ജൂലൈ - ആഗസ്റ്റ്

ഈ കാലയളവിൽ വ്യഞ്ജനാക്ഷരങ്ങൾ ചിഹ്നം ചേർത്ത് വായിക്കാനും എഴുതാനും തുടങ്ങുന്നു.

**ഉദാ: ക, കാ, കി ,കീ ,കു, കൂ, കൃ , ... etc**

എല്ലാ ദിവസവും ഇതിന്റെ വായനയും എഴുത്തും നടത്തുന്നു പരിശോധനയും നടത്തിവരുന്നു.

രണ്ട് അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്തുള്ള കുറച്ചു വാക്കുകൾ എഴുതിയും വായിച്ചും പഠിക്കുന്നു. കൂടുതൽ വാക്കുകൾ കുട്ടികൾ കണ്ടെത്തുന്നു ...

**ഉദാ: കാട് , പാമ്പ് , കൃഷി , പാലം , വീട് ... etc**

## സെപ്റ്റംബർ

ചില്ലക്ഷരങ്ങൾ പരിചയപ്പെടുന്നു, തിരിച്ചറിഞ്ഞ് വായിക്കുന്നു. ചില്ലക്ഷരങ്ങൾ ചേർത്ത വാക്കുകൾ കുട്ടികൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. കൂടുതൽ വാക്കുകൾ കുട്ടികൾ കണ്ടെത്തുന്നു.

**ചില്ലക്ഷരങ്ങൾ**

**ൻ , ർ , ൾ , ൺ , ൽ**

**ഉദാ: കാർ , വാൾ , തേൾ , മാൻ , കൂൺ , കാൽ , ഞാൻ , ... etc**



Scanned with OKEN Scanner

## ഒക്ടോബർ

**സ്വവർഗ കൂട്ടക്ഷരങ്ങൾ**

**ഉദാ: ക്ക , ഗ്ഗ , ങ്ങ , യ്യ , ച്ച , ട്ട , ... etc**

- 1 , 2 ക്ലാസുകളിലെ കുട്ടികൾ സ്വവർഗ കൂട്ടക്ഷരങ്ങൾ തിരിച്ചറിഞ്ഞ് എഴുതിയും വായിച്ചും ഉറപ്പിക്കുന്നു.
- 3 , 4 ക്ലാസിലെ കുട്ടികൾ സ്വവർഗ്ഗ കൂട്ടക്ഷരങ്ങളോടൊപ്പം എല്ലാ ദിവസവും മൂന്ന് വാക്കുകൾ വീതം പഠിക്കുന്നു.
- പരിശോധന , കാലയളവിന്റെ അവസാനത്തിൽ നടത്തുന്നു.

## നവംബർ

**വർഗേതര കൂട്ടക്ഷരങ്ങൾ**

**ഉദാ: ങ്ക , ഞ്ച , ന്ത , മ്പ , ... etc**

- 1 - 2 ക്ലാസുകളിലെ കുട്ടികൾ വർഗേതര കൂട്ടക്ഷരങ്ങൾ പരിചയപ്പെടുന്നു വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- 3 - 4 ക്ലാസ്സിലെ കുട്ടികൾ വാക്കുകൾ കൂടുതൽ കണ്ടെത്തുകയും പരിചയപ്പെടുകയും ചെയ്യുന്നു.

## ഡിസംബർ

- 1 - 2 ക്ലാസുകളിലെ കുട്ടികൾ വാക്കുകൾ വായിക്കുകയും എഴുതുകയും കൂടുതൽ കണ്ടെത്തുകയും ചെയ്യുന്നു.



Scanned with OKEN Scanner

- 3 - 4 ക്ലാസുകളിലെ കുട്ടികൾക്ക് ലഘുവാക്യങ്ങൾ വായിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

- ലഘുവാക്യങ്ങൾ കുട്ടികൾ എഴുതുന്നു.
- ഒരു ആശയം പറയുമ്പോൾ /ചോദ്യം ചോദിക്കുമ്പോൾ ഒരു വാചകത്തിൽ അതിന്റെ ഉത്തരം എഴുതാൻ ആവശ്യപ്പെടുന്നു. എല്ലാദിവസവും ഇത് ചെയ്തു വരുന്നു.

## ജനുവരി - മാർച്ച്

- 1 - 2 ക്ലാസുകളിലെ കുട്ടികൾ ജനുവരിയിൽ ലഘുവാക്യങ്ങൾ എഴുതുന്നു വായിക്കുന്നു.
- ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ലഘു വിവരണം , അനുഭവങ്ങൾ , ഡയറി , എന്നിവ ചെറിയ വാക്യങ്ങളിൽ എഴുതുന്നു.
- 3 - 4 ക്ലാസിലെ കുട്ടികൾ ലഘുവാക്യങ്ങളിൽ നിന്ന് കുറിപ്പുകളിലേക്ക് കടക്കുന്നു.
- വ്യവഹാര രൂപങ്ങളായ കഥകൾ, സംഭാഷണം, കത്ത്, വിളംബരം, ലഘു വിവരണങ്ങൾ എന്നിവ കുട്ടികൾ എഴുതുന്നു വായിക്കുന്നു .



Scanned with OKEN Scanner